"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും ജപ്തിചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ സർവ്വെ നമ്പർ 286/14ൽപ്പെട്ട 06.20 ആർ ഭൂമിയും അതിലുള്ള കെട്ടിടവും കുടിശ്ശിക തുകയായ 3,52,900/- രൂപ അർത്ഥനാധികാരി മുൻപാകെ ഒടുക്കുന്ന മുറയ്ക്ക് ടിയാന്റെ നിയമപരമായ അവകാശികൾക്ക് തിരികെ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.163/2025/RD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. കൊല്ലം ആർ.ഡി.ഒ യുടെ 02.02.2006 ലെ F-3678/05/DDis നമ്പർ ഉത്തരവ്
2. ശ്രീ. അശോക് കുമാർ സമർപ്പിച്ച 02.02.2010ലെ അപേക്ഷ.
3. കൊല്ലം ജില്ലാ കളക്ടറുടെ 04.11.2020-ലെ DCKLM/3260/2020/R6 നം.കത്ത്.
4. അശോക് കുമാർ സർക്കാരിൽ സമർപ്പിച്ച 02.12.2015-ലെ അപേക്ഷ
5. 11.02.2016-ലെ സ.ഉ(എം.എസ്) 112/2016/റവ നമ്പർ സർക്കാർ ഉത്തരവ്
6. ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. അശോക് കുമാർ ഫയൽ ചെയ്ത WP(C) 14896/17 നമ്പർ കേസിലെ 17.11.2017 ലെ വിധിന്യായം.
7. ശ്രീ. അശോക് കുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ WA-1019/2018-ാം നമ്പർ കേസിലെ 02.11.2018 ലെ വിധിന്യായം.
8. ശ്രീമതി ആർ. ശശികല സമർപ്പിച്ച 31.05.2022-ലെ അപേക്ഷ

**ഉത്തരവ്**

ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, ഇ.റ്റി.സി, കൊട്ടാരക്കര എന്നയാളിൽ നിന്നും വില്പന നികുതി കുടിശ്ശിക ഇനത്തിൽ 1,20,629/- രൂപ ഈടാക്കുന്നതിന്റെ ഭാഗമായി റിക്കവറി നടപടികൾ സ്വീകരിക്കുകയും ടിയാന്റെ ഉടമസ്ഥതയിൽ കൊട്ടാരക്കര വില്ലേജിൽ ഉണ്ടായിരുന്ന സർവ്വെ നമ്പർ 286/14 ൽപ്പെട്ട 06.20 ആർസ് ഭൂമിയും അതിലുള്ള കെട്ടിടവും 15.03.2005-ൽ സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കി മാറ്റുകയും കൊല്ലം ആർ.ഡി.ഒ യുടെ പരാമർശം (1) ഉത്തരവ് പ്രകാരം ലേലം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു.

2) ആംനസ്റ്റി സ്കീം 2008 പ്രകാരം 1992-93 വർഷത്തേയ്ക്ക് 7,117/- രൂപയും 1995-96

വർഷത്തേയ്ക്ക് 26,691/- രൂപയും 1996-97 വർഷത്തേയ്ക്ക് 23,431/- രൂപയും ചേർത്ത് ആകെ 57,239/- രൂപ കുടിശ്ശിക കക്ഷി ഒടുക്കുവരുത്തിയെങ്കിലും 02.02.2006 ൽ ഭൂമി ബോട്ട്-ഇൻ-ലാൻഡാക്കിയതിനാൽ കളക്ഷൻ എടുത്തിട്ടില്ലെന്നും 30.10.2020 വരെ നികുതി, സർചാർജ്ജ്, പലിശ എന്നിവ ഉൾപ്പെടെ 3,52,900/- രൂപയാണ് കുടിശ്ശിക കക്ഷി ഒടുക്ക വരുത്തേണ്ടതെന്നും കൊട്ടാരക്കര സ്റ്റേറ്റ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ 19.10.2020-ൽ അറിയിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ബോട്ട്-ഇൻ-ലാൻഡ് തിരികെ ലഭിക്കുന്നതിനായി ശ്രീ. അശോക് കുമാർ സർക്കാരിൽ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും അന്ന് നിലവിലുണ്ടായിരുന്ന നിയമപ്രകാരമുള്ള സമയ പരിധിക്കുശേഷമാണ് അപേക്ഷ സമർപ്പിച്ചത് എന്നതിനാൽ പ്രസ്തുത അപേക്ഷ സർക്കാർ നിരസിക്കുകയും ചെയ്തിരുന്നു. തുടർന്ന്, പരാമർശം (4) പ്രകാരം അശോക് കുമാർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയും കുടിശ്ശിക തുക, പലിശ, ഭൂമിയുടെ കമ്പോളവില അനുബന്ധചെലവുകൾ എന്നിവ അടയ്ക്കുന്ന മുറയ്ക്ക് കുടിശ്ശിക കക്ഷിയ്ക്ക് 06.20 ആർ ഭൂമിയും അതിൽ ഉൾപ്പെട്ട കെട്ടിടവും തിരികെ നൽകുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശം കക്ഷി പാലിച്ചിരുന്നില്ല.

4) പരാമർശം (5) ലെ സർക്കാർ ഉത്തരവിനെതിരെ ശ്രീ. അശോക് കുമാർ ബഹു. ഹൈക്കോടതി മുൻപാകെ WP(C)14896/17 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു ഹൈക്കോടതിയുടെ പരാമർശം (6) വിധിന്യായ പ്രകാരം പ്രസ്തുത ബോട്ട്-ഇൻ-ലാൻഡിന്റെ കമ്പോളവിലയായ 4,96,000/- രൂപയും പലിശയും 6 മാസത്തിനുള്ളിൽ ഒടുക്കുന്ന പക്ഷം കക്ഷിക്ക് പ്രസ്തുത ഭൂമി തിരികെ നൽകാൻ ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ കുടിശ്ശികകക്ഷി ബഹു. ഹൈക്കോടതിയിൽ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (7) വിധിന്യായത്തിൽ 3,44,743/- രൂപ 02.04.2019 തീയതിയ്ക്കകം (അഞ്ചു മാസത്തിനകം) ഒടുക്കു വരുത്തണമെന്നും കൊട്ടാരക്കര തഹസീൽദാർ മുമ്പാകെ നിശ്ചിത സമയപരിധിക്കുള്ളിൽ ടി തുക ഒടുക്കു വരുത്തുകയാണെങ്കിൽ പ്രത്യേകമായി കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ലെന്നും ബോട്ട് ഇൻ ലാൻഡാക്കിയ നടപടിക്രമം റദ്ദാക്കണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. എന്നാൽ കുടിശ്ശിക കക്ഷി പ്രസ്തുത തുകയും ഒടുക്കിയിരുന്നില്ല.

5) കുടിശ്ശിക കക്ഷിയായ അശോക് കുമാർ 07.04.2022-ൽ മരണപ്പെട്ടതിനെ തുടർന്ന് ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (8) പ്രകാരം ടിയാന്റെ ഭാര്യ ശ്രീമതി ആർ. ശശികല സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിശ്ശിക കക്ഷിയായ അശോക് കുമാർ 07.04.2022-ൽ മരണപ്പെട്ടതിനാലും അദ്ദേഹത്തിന്റെ കുടുംബം ഭൂരഹിതരാണെന്ന വസ്തുതയും കണക്കിലെടുത്ത്, ഒരു പ്രത്യേകകേസായി പരിഗണിച്ച് ,ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും വില്പന നികുതി കുടിശ്ശിക ഇനത്തിൽ 1,20,629/- രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറിയുടെ ഭാഗമായി ടിയാനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കി 02.02.2006 ൽ ലേലം സ്ഥിരീകരിച്ച കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ സർവ്വെ നമ്പർ 286/14ൽപ്പെട്ട 06.20 ആർ ഭൂമിയും അതിലുള്ള കെട്ടിടവും 2020-ൽ അർത്ഥനാധികാരി കണക്കാക്കിയ നികുതി, സർചാർജ്ജ്, പലിശ എന്നിവയുൾപ്പെടെയുള്ള കുടിശ്ശിക തുകയായ 3,52,900/-രൂപ

അർത്ഥനാധികാരി മുൻപാകെ ഒടുക്കുന്ന മുറയ്ക്ക് പരേതനായ ശ്രീ. അശോക് കുമാറിന്റെ നിയമാനുസൃത അവകാശികൾക്ക്, പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ കൊല്ലം ജില്ലാ കളക്ടർ സമയ ബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീമതി ശശികല ആർ, W/o Late. അശോക് കുമാർ രോഹിണി വീട്, കൊട്ടാരക്കര,കൊല്ലം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.(ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം.
ആർ.ഡി.ഒ., കൊല്ലം.
പൊതുഭരണ (എസ്.സി) വകുപ്പ് (05.06.2025 തിയതിയിലെ ഇനം നം. 3001)
നിയമ (ഉപദേശ-ജി) വകുപ്പ് (Note No. OPN-G2/184/2024-LAW dated 27.11.2024)
ധനകാര്യ വകുപ്പ് (Note No. E-2907268/Exp-D3/90/2024-FIN dated 14.03.2025)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 06-06-2025 18:56:06
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എയ്ക്ക്